# ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമികൾ - നമ്മുടെ മാർഗ്ഗദർശി

*ഡോ. വി. നിത്യാനന്ദ ഭട്ട്*

*"നമ്മുടെ പക്കലെത്താൻ ഈശ്വരൻ ധരിക്കുന്ന പ്രകാശമാനമായ മുഖാവരണമാണ് ഗുരു"*

- സ്വാമി വിവേകാനന്ദൻ

പൂജനീയ ധർമ്മഗുരുക്കളായ ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമിജി, നമ്മുടെയെല്ലാം വഴികാട്ടിയും, തത്വജ്ഞാനിയായ ഗുരുവും, ദീർഘദർശിയും ആയിരുന്നു. തന്റെ സന്ന്യാസ ജീവിതത്തിലുടനീളം നന്മയുടെ പന്ഥാവ് അവലംബിക്കാനായി നമ്മേയെല്ലാം നിരന്തരമായി പ്രേരിപ്പിച്ച മാർഗ്ഗദർശി ആയിരുന്നു അദ്ദേഹം. ഭൂതദയ, മഹാമനസ്കത, ദീർഘദർശിത്വം എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രയായിരുന്നതിനാൽ, ശിഷ്യഗണങ്ങളിൽ നിന്ന് അദ്ദേഹം നിരുപമമായ സമർപ്പണത്തെ ആകർഷിച്ചിരുന്നു. പൂർണ്ണ പരിത്യാഗം, അപൂർവമായ വിശുദ്ധി, അഗാധമായ ജ്ഞാനം, ദൈവീകമായ ശ്രേഷ്ഠത എന്നീ ഗുണങ്ങൾ ചേർന്ന സ്വാമിജി, ഉദാത്തവും, മാതൃകാപരവുമായ സന്ന്യാസത്തിന്റെ സത്യസന്ധമായ മൂർത്തീമദ്ഭാവമായിരുന്നു. സ്വാമിയുടെ വാക്കുകളിൽ, ആദ്ധ്യാത്മിക സമ്പത്തു മാത്രമാണ് യഥാർത്ഥ സമ്പത്ത്. മനുഷ്യൻ

ദൈവകൃപക്കായി അശ്രാന്തം ശ്രമിക്കുക; അത് മറ്റെല്ലാം പരിപാലിച്ചുകൊള്ളും എന്നതായിരുന്നു അദ്ദേഹത്തിന്റെ വചനങ്ങളുടെ കാതൽ. വേദശാസ്ത്രങ്ങളുടെ അഗാധമായ പാണ്ഡിത്യവും സംസ്കൃതഭാഷാ നൈപുണ്യവും, തീക്ഷ്ണമായ ധിഷണയും, സ്വാമിജിയുടെ ലാളിത്യപൂർണമായ ജീവിതത്തെ ഏറെ പ്രഭാപൂരിതമാക്കി. ഭക്തിയെ ജ്ഞാനത്തിൽ നിന്നും വേർതിരിക്കാതിരുന്ന ഭക്ത ജ്ഞാനിയായിരുന്നു അദ്ദേഹം. പാരമ്പര്യത്തെ കാത്തുസൂക്ഷിക്കുമ്പോഴും, പുരോഗമനപരവും നവീനവുമായുള്ള കാഴ്ചപ്പാടുകൾ അദ്ദേഹത്തിന്റെ എല്ലാ ഉദ്യമങ്ങളെയും തിളക്കമുള്ളതാക്കി.

1944 മെയ് 24ന് തന്റെ പൂർവ്വാശ്രമം ഉപേക്ഷിച്ചു ശ്രീമദ് സുകൃതീന്ദ്ര തീർത്ഥ സ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ചു സ്വാമിജി തന്റെ സന്ന്യാസ ജീവിതത്തിന്റെ തുടക്കം കുറിച്ചു. 1949ൽ സ്വാമിജി ശ്രീ കാശിമഠ സംസ്ഥാനത്തിന്റെ മഠാധിപതിയായി സ്ഥാനമേറ്റു. എന്നുമുതൽ നമ്മുടെ ധർമ്മഗുരു ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമികൾ മഠാധിപതിയായി സ്ഥാനമേറ്റുവോ അന്ന് മുതൽ അദ്ദേഹം ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തെ നിസ്സീമമായ സ്നേഹത്തോടും, ശ്രദ്ധയോടും, ഉൾക്കാഴ്ചയോടും നയിച്ചു പോന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളാൽ ശ്രീ കാശിമഠത്തിന് പുതിയൊരു മാനം കൈവരികയും സഭയ്ക്ക് രാജ്യാന്തരമായി പ്രത്യേക ഇടവും മഹിമയും ലഭിക്കുകയും ചെയ്തു. നമ്മുടെ ധർമ്മഗുരു എന്ന നിലയ്ക്ക് തന്റെ ജീവിതമാസകലം സ്വാമിജി സമുദായത്തിന്റെ ആദ്ധ്യാത്മികവും, മതപരവും, ധാർമ്മികവും, ഭൗതികവുമായ ഉന്നമനത്തിനും ക്ഷേമത്തിനുമായി യത്നിച്ചു. മഠത്തിന്റെ വിവിധ ശാഖകളിലും ക്ഷേത്രങ്ങളിലും താൻ നടത്തിയ പ്രഭാഷണ പരമ്പരകൾ,

സമുദായോദ്ഗ്രഥനത്തിൽ അദ്ദേഹത്തിനുള്ള അതുലിതമായ താല്പര്യം വിളിച്ചോതുന്നു. ഈ പ്രഭാഷണങ്ങളിൽ എല്ലാം സ്വാമിജിക്ക് തന്റെ ശിഷ്യഗണങ്ങളോടുള്ള സ്നേഹവാത്സല്യങ്ങളുടെയും കരുതലിന്റെയും, തീക്ഷ്ണത മുറ്റി നിൽക്കുന്നതായി കാണാം. സ്വാമിജി ഓരോ പ്രഭാഷണങ്ങളും തുടങ്ങിവെച്ചത് ഭഗവാൻ നാരായണനെ ധ്യാനിച്ച്, തന്റെ ശിഷ്യരുടെ മേൽ അനുഗ്രഹം ചൊരിഞ്ഞായിരുന്നുവെങ്കിൽ, അതവസാനിപ്പിച്ചത് അവരുടെ നന്മക്കായി പ്രാർത്ഥിച്ചുകൊണ്ടായിരുന്നു.

മുഖ്യ ഉപാസനാമൂർത്തിയായ വ്യാസരഘുപതിക്കു ത്രികാലപൂജ നിത്യമായി നടത്തുകയും, നിരന്തരമായി യാത്രകൾ ചെയ്തു ഇന്ത്യയിൽ എങ്ങുമുള്ള തന്റെ ശിഷ്യഗണങ്ങളുമായി സമ്മേളിക്കുകയും, ആത്മീയ പ്രഭാഷണങ്ങൾ നടത്തുകയും, വ്യത്യസ്ത സ്ഥലങ്ങളിൽ താമസിക്കുമ്പോൾ തന്റെ ശിഷ്യന്മാർക്കു വ്യക്തിഗതമായി ദർശനം നൽകുകയും (വളരെ ശ്രമകരവും അമാനുഷികവുമായ ഉദ്യമം തന്നെ) മുതലായവ ചെയ്യുന്നതിന്റെ ഒപ്പം അദ്ദേഹം ധാരാളം വികസനപരമായ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു.

സ്വാമിജി മഠാധിപതിയായി സ്ഥാനമേറ്റപ്പോൾ ശ്രീ കാശിമഠത്തിനു 13 ശാഖകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം അദ്ദേഹം ഇന്ത്യയിൽ ഉടനീളമായി 22 ശാഖകൾ സ്ഥാപിച്ചു. ശാഖകളുടെ എണ്ണം 35 ആയി വർദ്ധിച്ചു. ഇതിനു പുറമെ അദ്ദേഹം അനേകം ക്ഷേത്രങ്ങളുടെ പ്രതിഷ്ഠാ കർമ്മവും നടത്തി. ഈ ക്ഷേത്രങ്ങളിൽ എടുത്തുപറയേണ്ടത് ഹരിദ്വാറിലെ വ്യാസാശ്രമത്തിൽ പടുത്തുയർത്തിയ ശ്രീ വേദവ്യാസ ക്ഷേത്രമാണ്; കാരണം അത് അപ്രകാരമുള്ള ക്ഷേത്രങ്ങളിൽ ആദ്യത്തേതാണ്.

സ്വാമിജി ഇത് പണി കഴിപ്പിച്ചത് സമുദായ നന്മയെ പ്രതി മാത്രമല്ല, സമസ്ത ലോകത്തിന്റെയും പൊതുനന്മയ്ക്കായിട്ടാണ്. ഇതിന്റെ പ്രതിഷ്ഠാപനത്തോടനുബന്ധിച്ചു നടന്ന പൂജാദി കർമ്മങ്ങളിൽ സ്വാമിജി വേദവ്യാസനോട് സകലരുടെയും മേൽ അനുഗ്രഹാശിസ്സുകൾ ചൊരിയാനും, എല്ലാവർക്കും ബുദ്ധിയും, ഭയത്തിൽ നിന്നും മോചനവും പ്രദാനം ചെയ്യണമെന്ന് പ്രാർത്ഥിച്ചു.

സമുദായംഗങ്ങളുടെ ജീവിതത്തിന്റെ നാനാമുഖമായ വളർച്ചയിൽ അത്യധികം ഉത്സുകനായിരുന്നതിനാൽ സ്വാമിജി, സമുദായത്തിന്റെ ഉന്നമനത്തിനായുള്ള അനേകം ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്തു. ഇതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പാഠശാലകൾ), ആശുപത്രികൾ, വൃദ്ധാശ്രമങ്ങൾ, ബാലകാശ്രമങ്ങൾ, അബലാശ്രമങ്ങൾ എന്നീ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. സ്വാമിജി തന്റെ ശിഷ്യഗണങ്ങൾക്ക് ഇത്തരം അനേകം സ്ഥാപനങ്ങൾ തുടങ്ങാനുള്ള പ്രചോദനമേകി. ഹരിദ്വാറിലെ ശ്രീ മാധവേന്ദ്ര ഹോസ്പിറ്റൽ, കൊച്ചിയിലെ ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ, മുംബൈയിലെ സദ്ഗുരു വരദേന്ദ്ര ഡയഗ്നോസ്റ്റിക് മെഡിക്കൽ സെന്റർ, സദ്ഗുരു സുധീന്ദ്ര എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവ; കൊച്ചിയിലെ സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീ കുലദേവതാ മന്ദിർ, വൃദ്ധാശ്രമം, ശ്രീ വരദേന്ദ്ര ബാലകാശ്രമം, സംസ്കൃത പാഠശാല എന്നിവ; മംഗളൂരുവിലെ നിഗമാഗമ പാഠശാല, ബർസൂറിലെ ശ്രീ ഭുവനേന്ദ്ര ബാലകാശ്രമം, കാർകളയിലെ ശ്രീ സുകൃതീന്ദ്ര വിദ്യാർത്ഥി നിലയം എന്നിവ ഇവയിൽ ചിലതാണ്. ഇതിൽ ശ്രീ സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പ്രത്യേകമായ സ്ഥാനമാണുള്ളത്. തന്റെ സന്ന്യാസത്തിന്റെ പഞ്ചവിംശതി (25) ആഘോഷങ്ങളോടനുബന്ധിച്ചു സ്വാമിജി സംസ്കൃതത്തിലും ഭാരതത്തിലെ പൗരാണിക

ശാസ്ത്രങ്ങളിലും ഉന്നത പഠനം നടത്തുവാനുള്ള ഒരു കേന്ദ്രം സ്ഥാപിക്കണമെന്നു താല്പര്യപ്പെട്ടു. അദ്ദേഹം വിശ്വസിച്ചു: 'നമ്മുടെ ശാസ്ത്രങ്ങൾ പ്രായോഗിക ജ്ഞാനത്തിന്റെ സാക്ഷാൽ അക്ഷയ ഖനികളാണ്. അവ മനുഷ്യരുടെ എല്ലാ പ്രവർത്തന മണ്ഡലങ്ങളെയും ഉൾക്കൊള്ളുന്നു. അവ കാലാതീതമാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ശാസ്ത്രം ചുരുളഴിക്കാത്ത അനേകം സത്യങ്ങൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇതു ഭാവിയുടെ ഉപയോഗത്തിലേക്കായി സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്.' ഈ നിർദ്ദിഷ്ഠ സ്ഥാപനം തന്റെ ഗുരുവായ ശ്രീമദ് സുകൃതീന്ദ്ര തീർത്ഥ സ്വാമികളുടെ നാമത്തിലായിരിക്കണമെന്നും, ഇത് കേരളത്തിലെ ജനങ്ങൾ ഗൗഡ സാരസ്വതർക്ക് നൽകിയ നൂറ്റാണ്ടുകൾ നീണ്ട ആതിഥ്യത്തിനു പകരമായി കേരള ജനതക്കായി നൽകുന്ന ഉപഹാരമായിരിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. സ്വാമിജി ഗൗഡ സാരസ്വത ബ്രാഹ്മണ സഭ സ്ഥാപിച്ചത് ഗൗഡ സാരസ്വതരുടെ നന്മയ്ക്കായിട്ടായിരുന്നു. ഇതിന്റെ മുഖ്യ ഉദ്ദേശ്യം സമാജത്തിലെ അംഗങ്ങളുടെ ഇടയിൽ ഐകമത്യവും പാരസ്പര്യവും വളർത്താനും, തനതു പാരമ്പര്യവും സംസ്കാരവും നിലനിർത്താനും, സമുദായത്തിനോടുള്ള ഒരു പൊതു കർത്തവ്യബോധം അംഗങ്ങളിൽ വളർത്താനും, അച്ചടക്കം ജനിപ്പിക്കാനുമായിരുന്നു.

അദ്ദേഹത്തിന്റെ പതിവായ പ്രഭാഷണ പരമ്പരകളിലൂടെ തന്റെ ശിഷ്യഗണങ്ങൾക്കു ഒരു ധാർമ്മിക ജീവിതം ജീവിക്കുന്നതിനു തകുന്ന അനേകം വിഷയങ്ങൾ അവതരിപ്പിച്ചു. തന്റെ ഒരു പ്രഭാഷണത്തിൽ സ്വാമിജി ഒരു യഥാർത്ഥ ബ്രാഹ്മണന്റെ ചുമതലയെക്കുറിച്ചു ഇങ്ങനെ ഉദ്ബോധിപ്പിച്ചു: "ഒരു ബ്രാഹ്മണൻ ആദ്യം സ്വയം ഉയരുകയും മറ്റുള്ളവരെ ഉയർത്താനും ശ്രമിക്കണം.

ഗായത്രി മന്ത്രം നൂറ്റിയെട്ടുരു ഭക്തിയോടെ ഉരുവിടുന്നവനാണ് ബ്രാഹ്മണൻ. . . . നമ്മൾ ഗൗഡസാരസ്വതന്മാരാണ്. നമ്മൾ പവിത്രരും, നമ്മുടെ പരമ്പര പുരാതനവുമാണ്. ഇന്ന് നമുക്ക് ലഭിച്ചിട്ടുള്ള ഖ്യാതി നമ്മുടെ പൂർവ്വികന്മാർ മൂലം മാത്രമാണ്. നമ്മുടെ ഗൗഡ സാരസ്വത പൈതൃകം നമ്മൾ തുടർന്ന് കൊണ്ട് പോകണം.'' ഗൃഹസ്ഥരോട് സ്വാമിജി ഇപ്രകാരം അനുശാസിച്ചു: ''നിങ്ങളുടെ ജീവിതം നിങ്ങൾ ആത്മാർത്ഥമായി നയിക്കണം. നിങ്ങളുടെ വ്യവഹാരങ്ങൾ നിങ്ങൾ സത്യസന്ധമായി നടത്തി അളവറ്റ ധനം സമ്പാദിക്കുക. സമ്പത്ത് ലക്ഷ്മിദേവിയുടേതാണ്. അത് ദാനമായി കൊടുക്കുന്നവനെ ഭഗവാൻ നാരായണൻ തുണക്കും. കഠിനമായി ജോലി ചെയ്യുക, ധനം സമ്പാദിക്കുക. പക്ഷെ അതിലൊരംശം ദാനമായി നൽകി നന്മ നേടുക. . . കഷ്ടപ്പെടാതെ, പരാശ്രിതനായി, സുഖജീവിതം നയിക്കുന്നവൻ, അസുരനാണ്. . . . ദാനശീലനും ഉദാരമതിയുമായിരിക്കുക, എല്ലാവരോടും സ്നേഹത്തോടെയും, മര്യാദാപൂർവ്വവും വർത്തിക്കുക.''

ഉത്തമജീവിതത്തെക്കുറിച്ചും ക്ഷേമത്തെക്കുറിച്ചും സ്വാമിജി ഇപ്രകാരം മൊഴിഞ്ഞു. ''നമ്മൾ ക്ഷേമത്തെക്കുറിച്ചു പറയുമ്പോൾ, ക്ഷേമം സന്തോഷാനുഭൂതിയുടെ മറ്റൊരു പേരാണെന്ന് ധരിക്കരുത്. പൂർണ്ണസമാധാനത്തോടെ ഈ ലോകത്തിൽ നമുക്ക് ആന്തരികവും ബാഹ്യവുമായ സന്തോഷം പ്രദാനം ചെയ്യുന്ന ജീവിതവും, നമുക്ക് പരലോകത്തിൽ മോക്ഷം പ്രദാനം ചെയ്യുന്ന ജീവിതവുമാണ് ഉദാത്തവും യാഥാർത്ഥവുമായ ജീവിതം. മാനവക്ഷേമം നമുക്ക് നമ്മുടെ പൂർവികർ പൂർണ്ണ രൂപത്തിൽ നയിച്ച ശ്രേഷ്ഠ ജീവിതത്തിലൂടെ നേടാം.'' മറ്റൊരു പ്രഭാഷണത്തിൽ സ്വാമിജി ഇളംതലമുറയെക്കുറിച്ചു പറഞ്ഞു:

“നമ്മുടെ വരും തലമുറ വിദ്യാഭ്യാസം നേടി ഡോക്ടർമാരും എഞ്ചിനിയർമാരും ആകണം. അവർ ഇന്ത്യാ രാജ്യ സേവന ത്തിനായി സമയം വിനിയോഗിക്കണം. അവർ കുലീനരും, നന്മ നിറഞ്ഞവരും ആയിരിക്കണം. ഈശ്വരാനുഗ്രഹത്താൽ അവർ ഏറെ ധനം സമ്പാദിക്കുകയും അത് നല്ല കാര്യങ്ങൾക്കായും, സാമൂഹ്യസേവനത്തിനായും ഉപയോഗിക്കണം.”

ഒരു സന്തുഷ്ടജീവിതത്തിന് ഉതകുന്ന മാർഗങ്ങളെ അദ്ദേഹം ഇപ്രകാരം സംക്ഷേപിച്ചു: “ഒരു സന്തുഷ്ടജീവിതത്തിന് ഉതകുന്ന രഹസ്യം, അഹിംസ, സത്യം, വിനയം, കാരുണ്യം ഇത്യാദി ധർമ്മത്തിന്റെ അടിസ്ഥാനപരമായ പ്രാമാണങ്ങളെ പിന്തുടരുകയും, നിർമ്മലവും ലളിതവുമായ ജീവിതം നയിക്കുക എന്നുള്ളതുമാണ്.” സ്വാമിജിയുടെ ചിന്തകൾ പ്രകാരം, നമ്മൾ ജീവിതത്തിൽ ശാശ്വതമായ സന്തോഷവും സമാധാനവും കാംക്ഷിക്കുന്നവരാണെങ്കിൽ സത്യം എന്ന പ്രധാന തത്ത്വമായിരിക്കണം നമ്മുടെ എല്ലാ കർമ്മങ്ങളെയും നയിക്കുന്നത്.

ഈശ്വര ഭക്തിയും കാരുണ്യവും വിശുദ്ധിയും സമാർജ്ജിച്ച പരമപൂജനീയ ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമിജിയെ പോലെയുള്ള ദിവ്യപ്രഭാവത്തെ, നമ്മുടെ ആദ്ധ്യാത്മികവും ധാർമ്മികവുമായ പുനരുജ്ജീവനത്തിന് മാർഗ്ഗദർശിയായ ധർമ്മഗുരുവായി ലഭിച്ച നമ്മൾ അതീവ ഭാഗ്യവാന്മാരാണ്. സ്വാമിജിയുടെ മാർഗ്ഗോപദേശമാണ് ഗൗഡസരസ്വത സമൂഹത്തെ ഒരു ചലനാത്മകമായ സാമൂഹ്യ ശക്തിയായി പരിണമിപ്പിച്ചത്. സ്വാമിജിയുടെ അനുഗ്രഹം നമ്മെ പ്രഖ്യാതമായ ക്ഷേത്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിങ്ങനെ പല സ്ഥാപനങ്ങളും കെട്ടിപ്പൊക്കുന്നതിനു പ്രചോദനമായി.

സ്വാമിജിയുടെ സ്നേഹോഷ്മളത അനേകം ശിഷ്യന്മാരുടെ ജീവിതത്തിൽ പരിവർത്തനം വരുത്തുകയും, അവർ മനുഷ്യസ്നേഹികളായ പരോപകാരികളായി സാമൂഹ്യ ക്ഷേമത്തിനായി ജീവിതം ഉഴിഞ്ഞു വയ്ക്കുകയും ചെയ്തു. സ്വാമിജിയുടെ ദിവ്യാനുഗ്രഹങ്ങൾ സമസ്ത ശിഷ്യഗണങ്ങളെ എന്നും നയിച്ച് കൊണ്ടിരുന്നു; അത് നമ്മെ ഇനിയും അപ്രകാരം തന്നെ നയിക്കുകയും ചെയ്യും.

ജീവന്മുക്തി പ്രാപിച്ച നമ്മുടെ പരമപൂജനീയ സ്വാമിജിയുടെ ചരണകമലങ്ങളിൽ നമുക്ക് കോടി പ്രണാമങ്ങൾ അർപ്പിക്കാം.

[*മൂലകൃതി (ഇംഗ്ലീഷ്) :* ഡോ. വി. നിത്യാനന്ദ ഭട്ട്, ഡയറക്ടർ, സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

*മലയാളം വിവർത്തനം :* പ്രൊഫസർ (ഡോ.) സന്ധ്യ പൈ, ആലപ്പുഴ.]